**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

കോവിഡ് -19 രോഗവ്യാപനം - 2021-2022 അദ്ധ്യയന വർഷത്തിൽ വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പിൽ ഇളവുകൾ നൽകിയ ഉത്തരവ് - പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 2844/AC A 9/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.03.2022

---

*പരാമർശം:*-1) സർവകലാശാലാ ഉത്തരവ് നമ്പർ 3457/AC A9/2021/എം.ജി.യു. തീയതി 24.07.2021.

2) വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് സമർപ്പിച്ച ശിപാർശകൾ.

3) സർവ്വകലാശാലാ ആക്റ്റ് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ബഹു: പ്രൊ വൈസ് ചാൻസലർ 19.03.2022 തീയതിയിൽ നൽകിയ ഉത്തരവ്.

**<u>ഉത്തരവ്</u>**

കോവിഡ് രോഗവ്യാപനത്തെത്തുടർന്ന് നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ ബിരുദ ബിരുദാന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇളവുകൾ അനുവദിച്ച് പരാമർശം (1) പ്രകാരം സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2021-2022 അദ്ധ്യയന വർഷത്തിൽ നടക്കേണ്ടിയിരുന്നതും കോവിഡ് നിയന്ത്രണങ്ങൾ മൂലമോ മറ്റ് കാരണങ്ങളാലോ നടക്കാതിരുന്നതും ആയ പരീക്ഷകൾക്ക്, അവ നടക്കുന്ന മുറയ്ക്ക് മേൽ ഉത്തരവ് പ്രകാരമുള്ള ഇളവുകൾ ബാധകമായി തുടരുന്നതാണ്.

പ്രസ്തുത അദ്ധ്യയന വർഷത്തെ Industrial Visit / On the Job Training / Internship എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ ടി ഉത്തരവിൽ നൽകിയിരുന്നില്ല. സർവകലാശാലയിൽ നിന്ന് നൽകിയ നിർദ്ദേശ പ്രകാരം വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് പരാമർശം (2) പ്രകാരം ടി വിഷയത്തിൽ ശിപാർശകൾ സമർപ്പിച്ചിരുന്നു.

വിവിധ ബിരുദ പ്രോഗ്രാമുകളിൽ സിലബസിന്റെ ഭാഗമായി ആറാം സെമസ്റ്ററിൽ

Draft #1 of File 83251/ACA9/2022/BOS-Minutes Approved by ASSISTANT REGISTRAR III (ACADEMIC) on 19-Mar-2022 04:24 PM - Page 1

ഉൾപ്പെടുത്തിയിരിക്കുന്ന ഇൻഡസ്ട്രിയൽ വിസിറ്റ് (Industrial Visit) ഓൺലൈൻ (virtual tour) ആയോ, പ്രാദേശികമായി സന്ദർശിക്കാവുന്ന ഉചിതമായ ഒരു വ്യവസായ കേന്ദ്രമോ, ആവാസവ്യവസ്ഥയോ, സ്ഥലമോ, സന്ദർശിച്ച് ഒരു റിപ്പോർട്ട് അല്ലെങ്കിൽ കേസ് സ്റ്റഡി സമർപ്പിക്കാവുന്നതാണ്.

കൂടാതെ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ On the Job Training (OJT) / Internship ഇവ ഓൺലൈൻ ആയി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്.

മേൽ ശിപാർശകൾ സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം 19.03.2022 തീയതിയിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ബഹുഃ പ്രൊ വൈസ് ചാൻസലർ പരാമർശം (3) പ്രകാരം അംഗീകരിച്ചിരിക്കുന്നു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി.സി. / പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.ജെ. ആർ II (ഭരണവിഭാഗം) / ഡി ആർ II / എ ആർ III (അക്കാദമിക്)
4.എല്ലാ ജെ. ആർ. / ഡി. ആർ. / എ.ആർ. (പരീക്ഷാ വിഭാഗം)
5 .എ സി എ 3 / എ സി എ 4 / എ സി എ 12 സെക്ഷനുകൾ
6.കണ്ടന്റ് മാനേജ്മെന്റ് / റെക്കോർഡ്സ് സെക്ഷനുകൾ
7.കരുതൽ ഫയൽ / ഫയൽ കോപ്പി

File No: 83251/AC A 9/2022/BOS-Minutes

Draft #1 of File 83251/ACA9/2022/BOS-Minutes Approved by ASSISTANT REGISTRAR III (ACADEMIC) on 19-Mar-2022 04:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം